**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4540** **29-10-2021 - ൽ മറുപടിയ്ക്ക്**

**ബാലാതിരുത്തിയിലെ കമ്മ്യൂണിറ്റി റിസർവ്വ് പ്രദേശം അളന്ന് തിട്ടപ്പെടുത്തുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ബാലാതിരുത്തിക്ക് ചുറ്റുമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിലേക്കായി കമ്മ്യൂണിറ്റി റിസർവ്വ് പ്രദേശം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | മുമ്പ് ലീസ് നൽകി ലീസ് പിരീഡ് കഴിഞ്ഞതുൾപ്പെടെയുള്ള 150 ഹെക്ടറോളം പ്രദേശമാണ് കമ്മ്യൂണിറ്റി റിസർവ്വ് ആയി നോട്ടിഫൈ ചെയ്തത്. ഇത് സ്വകാര്യ ഉടമസ്ഥതതയിലുൾപ്പെടെയുള്ള കണ്ടൽ വനമാണ്. ഇതിൽ 20.78 ഹെക്ടർ കണ്ടൽവനം 1961 ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്അത് പ്രകാരം അളന്ന് തിട്ടപ്പെടുത്തിയതിൽ മൊത്തം കണ്ടൽവനം 30.514 ഹെക്ടർ ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ബാലാതുരുത്തി ഭാഗത്ത് വരുന്ന വള്ളിക്കുന്ന് വില്ലേജിൽ 29.277 ഹെക്ടറും കടലുണ്ടി വില്ലേജിൽ 1.237 ഹെക്ടറും ആണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിന്റെ ഓരോ ബിറ്റിന്റെയും സ്കെച്ചിന്റെ പകർപ്പ് ആർ.ഡി.ഒ, തിരൂരിന് നൽകയിട്ടുണ്ട്. വിജ്ഞാപനം ചെയ്യാൻ നൽകിയ, സർവ്വേ ചെയ്ത സ്കെച്ചിലെ സ്ഥലങ്ങൾക്കൊഴികെ മറ്റ് സ്ഥലങ്ങൾക്ക് പട്ടയം നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. |
| (ബി) | കമ്മ്യൂണിറ്റി റിസർവ്വായി പ്രദേശത്തെ പ്രഖ്യാപിക്കുന്ന സമയത്ത് ചെയ്യേണ്ട ജോലി കൃത്യമായി നടത്താൻ ഉദ്യോഗസ്ഥർ കാണിച്ച അലംഭാവമാണ് പട്ടയം ലഭിക്കാത്തതിന് കാരണമെന്ന ലോക്കൽ ഡെവലപ്മെന്റ് റിസർവ്വ് കമ്മിറ്റിയുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | ഇത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | 1961 ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ആയത് SRO No. 1186/2003 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | 1961 ലെ കേരള വന നിയമം സെക്ഷൻ 19 പ്രകാരംഅന്തിമ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ, ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിച്ചശേഷമേ കൈകൊള്ളുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ